മലയാള മനോരമ

18 March 2026

# കൂന്തൽ, കണവ, നീരാളി പഠനത്തിന് തുടക്കം

## ▸▸ ആഴക്കടൽ ഗവേഷണവുമായി സിഎംഎഫ്ആർഐ

കൊച്ചി● അറബിക്കടലിന്റെ അടത്തട്ടിലെ മലകളോടു (സീമൗണ്ട്) ചേർന്നു കാണപ്പെടുന്ന കുന്തൽ, കണവ, നീരാളി വർഗങ്ങളുടെ ലഭ്യതയും ജൈവ വൈവിധ്യവും പഠനവിധേയമാക്കാൻ സിഎംഎഫ്ആർഐ ആഴക്കടൽ ഗവേഷണം തുടങ്ങി. കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയത്തിന്റെ ധന സഹായത്തിൽ 5 കോടി രൂപ ചെലവിൽ നടപ്പാക്കുന്ന ഗവേഷണ പദ്ധതിയുടെ കാലാവധി 2 വർഷമാണ്.

കേന്ദ്ര സർക്കാരിന്റെ ഡീപ് ഓഷൻ മിഷന്റെ പദ്ധതിയിൽ സുരത്കൽ നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുമായി ചേർന്നാണു പഠനം. 2 സംഘങ്ങളുടെ നേതൃത്വത്തിൽ ആദ്യഘട്ട പര്യവേക്ഷണം നടത്തി. സിഎംഎഫ്ആർഐ സീനിയർ സയന്റിസ്റ്റ് ഡോ. ദിവ്യ വിശ്വംഭരൻ, സയന്റിസ്റ്റ് എം. കവിത എന്നിവർ കൊച്ചിയിൽ നിന്നു പുറപ്പെട്ട സർവേ സംഘത്തെ നയിച്ചു.

സമാന്തരമായി കൊല്ലം അഴീക്കൽ ഹാർബറിൽ നിന്നു പുറപ്പെട്ട സംഘത്തിന് പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. വി. വെങ്കിടേശൻ നേതൃത്വം നൽകി. ഗവേഷണ പദ്ധതിയുടെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ഡോ. ഗീത ശശികുമാർ ആണ്. സിഎംഎഫ്ആർഐ മംഗളൂരു റീജനൽ സെന്ററും പദ്ധതിയിൽ സഹകരിക്കുന്നുണ്ട്.